ഉത്തരം

(എ) പ്രസ്തുത പ്രോഗ്രാം പ്രകാരം വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 14 ജില്ലാ ലാബുകളോടും ഒരു സംസ്ഥാനതല ലാബിനോടും അനുബന്ധമായി 15 സബ് ഡിവിഷണൽ ലാബുകൾ താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഈ പദ്ധതിക്കുവേണ്ടി സർക്കാർ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) ജലഗുണ പരിശോധനയ്ക്ക് പുറമേ മെറ്റീരിയൽ ടെസ്റ്റിംഗ് ലബോറട്ടറി, പി. വി.സി. പൈപ്പ് ടെസ്റ്റിംഗ് ലബോറട്ടറി, വാട്ടർ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറി എന്നിവ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

പ്രതിദിന ജലസംഭരണം

140 (5030) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജലഅതോറിറ്റി മുഖേന 2009-10-ൽ പ്രതിദിനം ശരാശരി എത്ര ലിറ്റർ ജലം സംഭരിച്ചുവെന്നും ആയതിലേക്ക് ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം സംഭരിച്ചതിൽ എത്ര അളവ് വെള്ളം ജലവിതരണ പൈപ്പിലൂടെ പ്രതിദിനം വിതരണം ചെയ്തു ;

(സി) ജലത്തിന്റെ സംഭരണ വിതരണത്തിലെ അന്തരം പ്രതിദിനം എത്ര ലിറ്ററാണ് ; ഇത് ആകെ സംഭരണത്തിന്റെ എത്ര ശതമാനമാണ് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അന്തരത്തിലൂടെ പ്രതിവർഷം എത്ര തുകയുടെ നഷ്ടമാണ് ജലഅതോറിറ്റിക്ക് ഉണ്ടാകുന്നത് ;

(ഇ) ജലത്തിന്റെ വിതരണ നഷ്ടത്തിന്റെ വ്യാപ്തി ലഘൂകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) 2009-10-ലെ കേരള ജലഅതോറിറ്റിയുടെ പ്രതിദിന ശരാശരി ജലസംഭരണം ഉദ്ദേശം 1714 ദശലക്ഷം ലിറ്ററാണെന്ന് കണക്കാക്കുന്നു. സംഭരണ വിതരണത്തിനായി 2009-10-ൽ ആകെ 494.77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ആകെ സംഭരിച്ച ജലത്തിൽ ഏകദേശം 1285 ദശലക്ഷം ലിറ്റർ ജലം പ്രതിദിനം വിതരണം ചെയ്തതായി കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംഭരണ വിതരണത്തിലെ പ്രതിദിന അന്തരം 429 ദശലക്ഷം ലിറ്ററാണെന്ന് കണക്കാക്കുന്നു. ഇത് ആകെ സംഭരണത്തിന്റെ 25% വരും.

(ഡി) ഉദ്ദേശം 62 കോടി രൂപയോളം നഷ്ടം വരുമെന്ന് കണക്കാക്കുന്നു. എന്നാൽ വിതരണ നഷ്ടത്തിൽ നല്ലൊരളവ് ശുദ്ധീകരണ പ്രക്രിയയുമായി ബന്ധപ്പെട്ടതും പരിപൂർണ്ണമായി ഒഴിവാക്കുവാൻ സാധിക്കാത്തതുമാണ്. ഇത് പരിഗണിക്കുമ്പോൾ യഥാർത്ഥ നഷ്ടം പകുതിയോളമായി (31 കോടി രൂപ) കുറയുമെന്നാണ് കരുതുന്നത്.

(ഇ) കേടുവന്നതും കാലഹരണപ്പെട്ടതുമായ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ സ്പാനിലും (4 എണ്ണം) മാന്ദ്യവിരുദ്ധ പാക്കേജിലും (6 എണ്ണം) ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന പൊട്ടലുകളും മറ്റും മൂലമുള്ള ജലനഷ്ടം ഉടൻ കണ്ടെത്തി അവ സമയബന്ധിതമായി പരിഹരിക്കുന്നതിന് ലീക്ക് ഡിറ്റക്ഷൻ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിനായി ബ്ലൂബ്രിഗേഡ് സംവിധാനവും പ്രയോജനപ്പെടുത്തിവരുന്നു. അനധികൃത കണക്ഷൻ മൂലമുള്ള ജലനഷ്ടം കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ആന്റി തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റി പുതിയത് സ്ഥാപിച്ച് ജലവിതരണം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്നതിനായി ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ജലസംരക്ഷണ പ്രവർത്തനം

141 (5031) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ ജലസംരക്ഷണപ്രവർത്തനത്തിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത് എന്ന് വിശദമാക്കുമോ;

ഉത്തരം

ജലനിധി ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ഉളിക്കൽ, പെരിങ്ങോം വയക്കര എന്നീ പഞ്ചായത്തുകളിൽ 174 കുടിവെള്ള പദ്ധതികളും 35 ഗുണഭോക്തൃ സമിതികളിൽ ഭൂജല സംവർദ്ധന പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് 1800 സാനിറ്ററി കക്കൂസുകൾ നിർമ്മിക്കുകയും 44 ഒറ്റക്കുഴി കക്കൂസുകളെ ഇരട്ടക്കുഴിയുള്ളവയാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം 541 മീറ്റർ അഴുക്കുചാലും പെരിങ്ങോം വയക്കര പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. മഴവെള്ള സംഭരണ പരിപാടി മുഖേന 45 മഴവെള്ള സംഭരണ യൂണിറ്റുകളും നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly